(ബി) ഈ സർവ്വേയുമായി ബന്ധപ്പെട്ട ആഫീസുകൾ താലൂക്കിലേയ്ക്കു മാറ്റിയിട്ടുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) കാട്ടാക്കട സർവ്വേ സൂപ്രണ്ട് ആഫീസ് വർക്കലക്ക് മാറ്റാൻ ഡയറക്ടർ ഉത്തരവു പുറപ്പെടുവിച്ചിരുന്നോ? എങ്കിൽ എന്ന്;

(ഡി) ഈ ഉത്തരവ് പിന്നീടു സ്റ്റേ ചെയ്യുകയുണ്ടായോ? എങ്കിൽ എന്തുകൊണ്ട്;

(ഇ) ജീവനക്കാരുടേയും വസ്തു ഉടമകളുടേയും സൗകര്യത്തെ പരിഗണിച്ച് ആഫീസ് അടിയന്തിരമായും വർക്കലക്കു മാറ്റാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 25.4.1977-ൽ ആരംഭിച്ചു.

(ബി) ഒരു സൂപ്രണ്ടിന്റെ ഓഫീസ് മാറ്റിയിട്ടുണ്ട്. ബാക്കിയുള്ള ഓഫീസുകൾ മാറ്റുന്നതിന് നടപടികൾ പൂർത്തിയാക്കികൊണ്ടിരിക്കുന്നു.

(സി) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 17.4.1978-ൽ.

(ഡി) ഉണ്ടായി. കാട്ടാക്കട സർവ്വേ സൂപ്രണ്ടിന്റെ അധികാര പരിധിയിൽ ഉള്ള നെയ്യാറ്റിൻകര, നെടുമങ്ങാട് താലൂക്കുകളിൽ അവശേഷിക്കുന്ന സർവ്വേ ജോലികൾ എത്രയുണ്ടെന്നു പരിശോധിച്ചശേഷം തീരുമാനിക്കാനായിട്ടാണ് ഓഫീസ് മാറ്റം നിർത്തിവച്ചത്.

(ഇ) വർക്കല ഒരു സർവ്വേ സൂപ്രണ്ടിന്റെ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടി പൂർത്തിയായിക്കൊണ്ടിരിക്കുന്നു. പൂർത്തിയായാൽ ഉടൻ വർക്കല സർവ്വേ സൂപ്രണ്ട് ആഫീസ് ആരംഭിക്കുന്നതാണ്.

തെക്കേക്കര സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലെ പണാപഹരണം

678 [984] ശ്രീ.കെ. അനിരുദ്ധൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര താലൂക്കിലെ എ 218-ാം നമ്പർ തെക്കേക്കര സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലെ പണാപഹരണം സംബന്ധിച്ച് ഉത്തരവാദികൾ ആരൊക്കെയാണെന്ന് അന്വേഷിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആരൊക്കെയാണ് ഉത്തരവാദികൾ, അവരുടെ മേൽ എന്തു നടപടി എടുത്തു;

(സി) ആരാണ് അന്വേഷണം നടത്തിയത്;

(ഡി) അന്വേഷണ റിപ്പോർട്ട് മേശപ്പുറത്തു വയ്ക്കുമോ;

(ഇ) എത്ര രൂപ സൊസൈറ്റിയുടെ അക്കൗണ്ടിൽപ്പെടുത്താതെ അപഹരിച്ചെടുത്തു; അല്ലാതെ എത്ര;

(എഫ്) പണാപഹരണത്തിനുത്തരവാദിയായ സെക്രട്ടറിയുടെയും അതിന്നു കൂട്ടുനിന്ന ഉദ്യോഗസ്ഥൻമാരുടെയും പേരിൽ നടപടി സ്വീകരിക്കാതിരിക്കുന്നതിനു കാരണമെന്ത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഉത്തരവാദിയായ മുൻ സെക്രട്ടറി ശ്രീ. പി. രാഘവൻപിള്ള യുടെ പേരിൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) തഴക്കര യൂണിറ്റ് സഹകരണ സംഘം ഇൻസ്പെക്ടറാണ് അന്വേഷണം നടത്തിയത്.

(ഡി) അന്വേഷണ റിപ്പോർട്ട് ക്രിമിനൽ കേസ് സംബന്ധിച്ച് പോലീസധികാരികൾക്ക് അയച്ചു കൊടുത്തിരിക്കുകയാണ്.

(ഇ) കണക്കിൽപ്പെടുത്താതെ അപഹരിച്ചത് ഒരു ലക്ഷത്തി പന്ത്ര ണ്ടായിരത്തി അൻപത്തിയെട്ട് രൂപ നാൽപ്പത്തിനാല് പൈസ, കണക്കിൽ പ്പെടുത്തി അപഹരിച്ചത് ആയിരത്തി തൊള്ളായിരത്തി പതിനാല് രൂപാ അറുപത്തിയാറ് പൈസ.

(എഫ്) സെക്രട്ടറിയുടെ പേരിൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പണാപഹരണത്തിന് മറ്റ് ഉദ്യോഗസ്ഥൻമാർ കൂട്ടു നിന്നതായി അന്വേഷണത്തിൽ തെളിഞ്ഞിട്ടില്ല.

എക്സസ് ലാൻറായി ഉൾപ്പെടുത്തിയിരിക്കുന്നു എന്ന് പരാതി

679 [987] ശ്രീ. പി. കെ. ചാത്തൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ താലൂക്കിൽ മണിട്ട് വില്ലേജിൽ സർവ്വേ 457/38-ൽപ്പെട്ട കറുമ്പന്റെ വസ്തു വില്ലേജ് ഉദ്യോഗസ്ഥൻമാർ എക്സസ് ലാൻറായി ഉൾപ്പെടുത്തിയിരിക്കുന്നു എന്നൊരു പരാതി ഗവൺമെൻറിന് കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി എടുത്തു?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ പരാതിയെക്കുറിച്ച് അന്വേഷിച്ച് വേണ്ട മേൽനടപടി യ്ക്കായി എറണാകുളം ജില്ലാ കളക്ടർക്ക് അയച്ചിട്ടുണ്ട്. അതിൻമേൽ ഒരു തീരുമാനം ഉടനെ ഉണ്ടാകുന്നതാണ്.

സർവ്വീസ് കോർപ്പറേഷൻ ബാങ്ക് വായ്പ

680 [991] ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം സർവ്വീസ് കോർപ്പറേഷൻ ബാങ്ക് വഴി എത്ര തുക വായ്പ നൽകി;

(ബി) ഇതിൽ ദീർഘകാല വായ്പകൾ എത്ര;

(സി) മിഡ് ടേം ലോൺ എത്ര?

LIBRARY ARCHIVES Kerala Legislative Assembly